(ബി) അതനുസരിച്ച് ഹൈക്കോടതിക്ക് റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പ്രധാന ക്രമക്കേടുകൾ എന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ ജയിലുകളിൽ നടക്കുന്ന അഴിമതിയേയും ക്രമക്കേടുകളേയും കുറിച്ച് അന്വേഷിച്ച് അടിയന്തിരമായി ഒരു റിപ്പോർട്ട് സമർപ്പിക്കുവാൻ 26-10-2004-ൽ ഹൈക്കോടതി രജിസ്ട്രാർ ആവശ്യപ്പെട്ടിരുന്നു.

(ബി) സമർപ്പിച്ചു.

(സി) ബഹു:ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമായതിനാൽ ഇപ്പോൾ വെളിപ്പെടുത്താൻ നിർവ്വാഹമില്ല.

ജയിലിൽ ചെയ്യുന്ന തൊഴിലുകൾക്കുള്ള വേതനം

86 [1603] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാർക്ക് ജയിലിൽ പലവിധത്തിലുള്ള തൊഴിലുകൾ ചെയ്യുന്നതിന് ദിനംപ്രതി ഇപ്പോൾ എത്ര രൂപയാണ് വേതനമായി നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ബി) ഈ വേതനം കുടിശ്ശികയില്ലാതെ വിതരണം ചെയ്യുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളെന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) തടവുകാർക്ക് ഇത്തരത്തിൽ നൽകുന്ന വേതനം വർദ്ധിപ്പിച്ച് നൽകുന്നകാര്യം ഗവൺമെന്റിന്റെ പരിഗണനയിലുണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ വിവിധ ജയിലുകളിലെ തടവുകാർക്ക് അവർ ചെയ്യുന്ന തൊഴിലിന്റെ അടിസ്ഥാനത്തിൽ 9 രൂപ മുതൽ 23 രൂപ വരെ ദിനംപ്രതി വേതനം നൽകിവരുന്നു. തുറന്ന ജയിലിൽ ഇത് 30 രൂപയാണ്.

(ബി) അനുവദിച്ച തുക തികയാതെ വരുമ്പോൾ അഡീഷണൽ അലോട്ട്മെന്റ് വഴി തുക കണ്ടെത്തി വിതരണം ചെയ്ത് വരുന്നു.

(സി) വേതനം വർദ്ധിപ്പിച്ചു നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly